കമ്പ്യൂട്ടറൈസ്ഡ് ലോട്ടറി നറുക്കെടുപ്പ്

27 (*57) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പ്യൂട്ടറൈസ്ഡ് ലോട്ടറി നറുക്കെടുപ്പിന്റെ സുതാര്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കമ്പ്യൂട്ടറൈസ്ഡ് ലോട്ടറി നറുക്കെടുപ്പിൽ മൻക്കൂറായി പ്രോഗ്രാം ചെയ്യുവയ്ക്കുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനായി നറുക്കെടുപ്പിന് മുൻപായി പ്രസ്തുത സംവിധാനം പരിശോധിക്കാൻ പ്രത്യേകം വിദഗ്ധരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കമ്പ്യൂട്ടറൈസ്ഡ് രീതി ഉപയോഗിച്ചല്ല സംസ്ഥാന ഭാഗ്യക്കുറികളുടെ നറുക്കെടുപ്പ് നടത്തുന്നത്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രം ഉപയോഗിച്ചാണ് നറുക്കെടുപ്പുകൾ നടത്തുന്നത്.

(ബി&സി) ബാധകമല്ല.

ആദിവാസികൾക്കിടയിലെ മദ്യപാനാസക്തി

28 (*58) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്കിടയിലെ വർദ്ധിച്ച മദ്യപാനാസക്തി സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസികൾക്കിടയിലെ അമിത മദ്യപാനംമൂലമുള്ള മരണങ്ങൾ സാധാരണ സംഭവമായിമാറുന്നതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ ബോധവത്ക്കരണത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള സാമൂഹ്യപ്രവർത്തകരിൽനിന്നും വിവരശേഖരണം നടത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ആദിവാസികൾക്കിടയിൽ മദ്യപാനാസക്തി നിലവിലുണ്ടെങ്കിലും ആയത് വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അമിത മദ്യപാനംമൂലം ആദിവാസികൾക്കിടയിലുള്ള മരണങ്ങൾ സാധാരണ സംഭവമായി മാറുന്നു എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) ആദിവാസി കോളനികളിൽ ടൈബൽ വകുപ്പും, ആരോഗ്യ വകുപ്പും, പോലീസ്, എക്സൈസ്, ഫോറസ്റ്റ് വകുപ്പും സംയുക്തമായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ എസ്.ടി. പ്രൊമോട്ടർമാർ എന്നിവർ മുഖേനയും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇവരിൽനിന്നും ആവശ്യമായ വിവരശേഖരണം നടത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ കടബാദ്ധ്യത

29 (*59) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. കെ. ഗുരുദാസൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഈ സർക്കാരിന്റെ കാലത്ത് അതിഭീമമായ തോതിൽ വർദ്ധിച്ചതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാല് വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ബഹുഭൂരിപക്ഷവും നടപ്പിലാക്കാത്തപ്പോഴും കടബാദ്ധ്യത ഏറിയതിന്റെ കാരണം വിശദമാക്കാമോ ;

(സി) വിഭവ സമാഹരണം ഫലപ്രദമായി നടപ്പാക്കേണ്ട മേഖലകളിലെ അഴിമതി, ഔദാര്യങ്ങൾ എന്നിവ കാരണം സമ്പദ്‌വ്യവസ്ഥക്ക് കോട്ടം സംഭവിക്കുന്നുവെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly